"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പദ്ധതി 2020-21 & 2021-22 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണം - ജി.എസ്.ടി. നിരക്കിൽ വന്ന വർദ്ധനവ് കാരണം അധികരിച്ച എസ്റ്റിമേറ്റ് തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.954/2024/RD തീയതി,തിരുവനന്തപുരം, 11-03-2024

---

പരാമർശം:-

1. 04.10.2020 തീയതിയിലെ സ.ഉ (സാധാ) നം. 2991/2020/റവ നമ്പർ ഉത്തരവ്.
2. 25.11.2021 തീയതിയിലെ സ.ഉ (സാധാ) നം. 4152/2021/റവ നമ്പർ ഉത്തരവ്.
3. 01.01.2022 തീയതിയിലെ സ.ഉ (സാധാ) നം. 29/2022/റവ നമ്പർ ഉത്തരവ്.
4. 04.03.2022 തീയതിയിലെ സ.ഉ (സാധാ) നം. 970/2022/റവ നമ്പർ ഉത്തരവ്.
5. 15.09.2022 തീയതിയിലെ 79/2022/ധന നമ്പർ പരിപത്രം.
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.02.2024 തീയതിയിലെ LR/10733/2023-LR(M2) നമ്പർ കത്ത്.

**ഉത്തരവ്**

2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്മാർട്ട് റവന്യൂ ഓഫീസ് എന്ന പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണത്തിനായി നെടുവത്തൂർ, പവിത്രേശ്വരം, നിലമേൽ, ശൂരനാട് സൗത്ത്, പന്മന എന്നീ വില്ലേജ് ഓഫീസുകളെ പരാമർശം 1 മുതൽ 4 വരെയുള്ള ഉത്തരവുകൾ പ്രകാരം തെരഞ്ഞെടുത്ത് ഉത്തരവാകുകയുണ്ടായി. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് ഓഫീസുകൾക്ക് 44 ലക്ഷം രൂപ വീതമുള്ള തുകയ്ക്കാണ് ഭരണാനുമതി നൽകുകയുണ്ടായത്.

2] അപ്രകാരം ഭരണാനുമതി നൽകിയ നിലമേൽ, പന്മന, പവിത്രേശ്വരം, ശൂരനാട് സൗത്ത് എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിൽ 18% അധിക ജി.എസ്.ടി ഉൾപ്പെടുത്തുമ്പോൾ 7,97,106/- രൂപ (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഒരുന്നൂറ്റി ആറ് രൂപ മാത്രം) കൂടി അനുവദിക്കേണ്ടതായിട്ടുണ്ടെന്നും കൂടാതെ പ്ലാൻ സ്കീം 2020-21 പദ്ധതിയിൽ ഉൾപ്പെട്ട നെടുവത്തൂർ വില്ലേജ് ഓഫീസിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക കെസ്നിക്ക് റീജിയണൽ എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് പരിശോധിച്ചതിൽ ഭരണാനുമതി എസ്റ്റിമേറ്റ് തുകയായ 44,00,000/- രൂപയിലും അധികരിച്ച്, 44,82,446/- രൂപയാണെന്നും ടി വർദ്ധനവ് 18/07/2022-ന് ശേഷം അധികമായി വരുന്ന 6 % ജി.എസ്.ടി തുകയുമായി ബന്ധപ്പെട്ട് വന്നതാണെന്നും ടി റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് അനുമതി നൽകണമെന്നുമുള്ള കൊല്ലം ജില്ലാ കളക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച നിലമേൽ, പന്മന, പവിത്രേശ്വരം, ശൂരനാട് സൌത്ത് എന്നീ വില്ലേജുകൾക്കും 2020-21 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച നെടുവത്തൂർ വില്ലേജ് ഓഫീസിന്റെയും നിർമ്മാണത്തിന് ജി.എസ്.ടി നിരക്കിലെ മാറ്റം മൂലമുള്ള അധിക തുകയായ

8,79,552/- രൂപ (എട്ട് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി അമ്പത്തി രണ്ട് രൂപ മാത്രം) അനുവദിച്ച് നൽകണമെന്ന് പരാമർശം-6 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 6-ലെ കത്തിൽ പരാമർശിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ നെടുവത്തൂർ, പവിത്രേശ്വരം, നിലമേൽ, ശൂരനാട് സൌത്ത്, പന്മന എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി ജി.എസ്.ടി നിരക്ക് 12% നിന്നും 18% ആയി വർദ്ധിപ്പിച്ചതിനെത്തുടർന്ന് അധികരിച്ച എസ്റ്റിമേറ്റ് തുകയായ യഥാക്രമം 44,82,446/-, 46,00,295/-, 46,00,272/-, 45,96,182/-, 46,00,357/- രൂപ ഉൾപ്പെടുന്ന 2,28,79,552/- രൂപയ്ക്ക് (രണ്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി അമ്പത്തി രണ്ട് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4] പ്രസ്തുത ഇനത്തിൽ വേണ്ടി വരുന്ന അധിക തുക നടപ്പ് സാമ്പത്തിക വർഷത്തെ 5475-00-800-77-01 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (29.01.2024 -ലെ Exp-D1/453/2023-Fin പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 12-03-2024 10:25:11